QP CODE: 22100663

22100663

**Reg No** : ....................

**Name** : ....................

# B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, APRIL 2022

## Third Semester

## COMPLEMENTARY COURSE - ML3CMT05 - ഒരു എഴുത്തുകാരൻ - എഴുത്തുകാരി - മാധവിക്കുട്ടി

Common to B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing

**For Regular Candidates : 2017 Admission Onwards**

**For Private Candidates : 2020 Admission Only**

997632F9

Time: 3 Hours Max. Marks : 80

***Instructions to Private candidates only**: This question paper contains **two sections**. Answer **SECTION I** questions in the answer-book provided. **SECTION II**, Internal examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II***

### SECTION I

### Part A

*Answer any **ten** questions.*

*Each question carries **2** marks.*

1. മാധുവമ്മ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
2. "ഈ വൈരൂപ്യവും എന്നിൽ കാരണം പറയാനാവാത്ത ഒരു ബഹുമാനം മാത്രം ഉണർത്തുന്നു." -- എന്നു ചിന്തിക്കുവാൻ കാരണമെന്ത് ?
3. അമ്മേ, നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരുക. ഇങ്ങനെ മകൻ പറയാൻ കാരണമെന്ത് ?
4. നീ പാപപങ്കിലയാണ്. നിന്റെ ശരീരം അശുദ്ധവും. സന്ദർഭവും ആശയവും വ്യക്തമാക്കുക.
5. അമ്മേ നിങ്ങൾ ജീവിതം മുഴുവൻ സ്വപ്നലോകത്തിലാണ് ജീവിച്ചത്. ഉണരാൻ സമയമായി നിങ്ങൾക്കിപ്പോൾ അത്ര ചെറുപ്പമല്ലെന്നറിയാമല്ലോ. ആര് ആരോട് പറഞ്ഞു. സന്ദർഭം വിശദമാക്കുക.
6. കൽക്കത്തയിലെ വേനൽക്കാലമെന്ന കവിത ആത്മാവിന്റെ നൈസർഗ്ഗികമായ ആവിഷ്കാരമാണ്. എന്ന പ്രസ്താവന ശരിയാണോ എന്ന് പരിശോധിക്കുക
7. "മധുവിധുവിന് പുറപ്പെടുന്ന വധുവിന്റെ ഹൃദയമിടിപ്പോടെ അവൾ സാമാനങ്ങൾ ഒതുക്കി". ആര് ?എന്തുകൊണ്ട് ?

8. നീ എന്നെ ഒറ്റുകൊടുക്കും. ഞാൻ നിന്നെ വഞ്ചിക്കില്ല. ഇവിടെ കവയിത്രി വിവരിക്കുന്നതെന്താണ്

9. സ്ത്രീയെന്ന നിലയിൽ ഞാൻ അപൂർണ്ണയാണോ എന്ന് സുഭദ്ര സംശയിക്കാൻ കാരണമെന്ത് ?

10. ചതുരംഗം എന്ന കഥയിൽ അചല ഭർത്താവിനോട് പ്രതികാരം ചെയ്യുന്നത് എങ്ങനെ.

11. പ്രഭാതം എന്ന കഥയിൽ പ്രഭാകരനെ അവതരിപ്പിക്കുന്നതെങ്ങനെ?

12. ജ്ഞാനാംബാൾ - കുറിപ്പെഴുതുക

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. എഴുത്തുകാരി എന്ന നിലയിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങളെ എപ്രകാരമാണ് മാധവിക്കുട്ടി തന്റെ കഥകളിൽ തുറന്നു കാട്ടുന്നത്?

14. മരണത്തിന്റെ വിവിധ മണങ്ങൾ തന്നെപ്പോലെ ആർക്കാണ് അറിയുക." ഈ വരികളെ മുൻനിർത്തി "പക്ഷിയുടെ മണം" എന്ന കഥയിലെ മൃത്യുബോധം "വിലയിരുത്തുക.

15. പ്രേമത്തിലെ പുണ്യപാപങ്ങളെ 'പ്രകൃതിയും പുരുഷനും' എന്ന കവിതയിൽ എങ്ങനെ വിശദീകരിക്കുന്നു.

16. 'തടവ് 'എന്ന ബിംബത്തിന്റെ അർത്ഥതലങ്ങൾ തടവുകാരി എന്ന കവിതയിൽ പ്രതിഫലിക്കുന്നതെങ്ങനെ ?

17. കവയത്രിയുടെ കൃഷ്ണസങ്കല്പത്തിന്റെ പൂർണ്ണ രൂപങ്ങളാണ് കൃഷ്ണൻ , ഘനശ്യാം എന്നീ കവിതകൾ . വിശദമാക്കുക

18. സദാശിവ റാവുവിന്റെ സത്യത്തെക്കുറിച്ചുള്ള സങ്കല്പം "മാനസി" എന്ന നോവലിനെ മുൻനിർത്തി വിലയിരുത്തുക.

19. അനുഭൂതിസാന്ദ്രമായ ഭാഷാസവിശേഷതകൾ നിറഞ്ഞ ഒരു പാഠഭാഗമാണ് "സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹത്തിനുവേണ്ടി" സമർത്ഥിക്കുക

20. മാനസിയെ സ്വന്തമാക്കാൻ വിജയ് നടത്തുന്ന ഉപജാപങ്ങൾ എന്തെല്ലാം?

21. നഷ്ടപ്പെട്ട നീലാംബരിയിലെ ജ്ഞാനത്തിന്റെ സ്വഭാവത്തെ വിലയിരുത്തുക?

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. അമ്മ എന്ന പദവിയിൽ സ്ത്രീ അനുഭവിക്കുന്ന അവഗണനയും ഏകാന്തതയും‘ അമ്മ’യെന്ന കഥയിൽ അടയാളപ്പെടുത്തുന്നുണ്ടോ- പരിശോധിക്കുക

23. ‘ഏകമുഖി’ എന്ന കവിതയിൽ തന്റെ ഇല്ലായ്മകളെക്കുറിച്ച് കവയിത്രി വിശദീകരിക്കുന്ന നിഷേധരൂപങ്ങളെ വ്യാഖ്യാനിക്കുക.

24. മാധവിക്കുട്ടിയുടെ ബാല്യകാലസ്മരണകൾ സംഗ്രഹിക്കുക.

25. മലയാളത്തിലെ പുരുഷമേധാവിത്വത്തിന് ഏറ്റ ആഘാതമായിരുന്നു 'എന്റെ കഥ'. വിശദീകരിക്കുക.

(2×15=30)